# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.596** **29.01.2019 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി)** | |
| (എ) | ഊർജ്ജ കേരള മിഷൻ മുഖേന കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജത്തിൽ നിന്നും പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി, ഈ പദ്ധതിയിൽ എത്ര ഗാർഹിക ഉപഭോക്താക്കൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് എന്നിവ വ്യക്തമാക്കാമോ; | (എ) | 23.01.2019 വരെ ഊർജ്ജ വകുപ്പിനു കീഴിലുള്ള സൗര പദ്ധതിയിൽ 1,21,260 പേർ രജിസ്റ്റർ ചെയ്തു. ജില്ലതിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർക്കുന്നു. ടെണ്ടറിംഗിനായുള്ള നടപടികൾ പുരോഗമിക്കുന്നു. 98144 ഗാർഹിക ഉപഭോക്താക്കൾ നിലവിലെ കണക്ക് പ്രകാരം താത്പര്യം പ്രകടിപ്പിച്ചതായി കാണുന്നു. |
| (ബി) | ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്; ഇതിനായി ബാങ്ക് വായ്പ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | സൗര പദ്ധതിയുടെ ഭാഗമായി പുരപ്പുറം വിട്ടു നൽകുന്നവർക്ക് സൗജന്യമായി സോളാർ പാനലുകൾ വച്ചു നൽകുകയും അതിൽ നിന്നുള്ള വൈദ്യുതിയുടെ നിശ്ചിത ശതമാനം ഉപഭോക്താവിന് നൽകാനുമാണ് തീരുമാനിച്ചിരിക്കുന്നത്.<br>നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന സഹായങ്ങളാണ് നൽകി വരുന്നത്.<br>അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. നിലവിൽ ആകെ 10 MW പദ്ധതികൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇത്രയും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് അധിക പദ്ധതികൾക്ക് സബ്സിഡി നൽകാനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ |

| | | | |
|---|---|---|---|
| | | | സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.<br>ഇതു കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സൗരോർജ്ജ പദ്ധതിയിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിനായി ജനങ്ങളിൽ അവബോധം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ? | (സി) | സൗര പദ്ധതി സംബന്ധിച്ച് ഉപഭോക്താക്കൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനും പദ്ധതിയുടെ ഗുണഗണങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കിക്കുന്നതിനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കേരളത്തിലെ 25 ഇലക്ട്രിക്കൽ സർക്കിളുകൾ വഴി സൗരയുടെ നോട്ടീസ് വിതരണവും മറ്റു പരസ്യപ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഇതിനുപുറമേ www.sourakseb.in എന്ന വെബ്സൈറ്റ് ആരംഭിക്കുകയും വിവിധ സാമൂഹ്യമാധ്യമങ്ങളിലൂടെ വലിയ തോതിലുള്ള പ്രചരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.<br>സൗരോർജ്ജ പദ്ധതിയിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിനായി ജനങ്ങളിൽ അവബോധം നൽകുന്നതിന് അനെർട്ട് പത്ര-ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിൽ കൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തിവരുകയും ചെയ്യുന്നു. അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിച്ച് അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ വിവിധ കമ്പനിയുടെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ കാണുന്നതിനും അവയിൽ നിന്നും ഇഷ്ടപ്പെട്ടവ തിരഞ്ഞെടുക്കുന്നതിനുമുള്ള അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇ-ബാങ്കിംഗ് സംവിധാനം മുഖേന പേയ്മെന്റ് ചെയ്യുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - (ആ)

| Sl No. | District | Total Registration(No.) |
|---|---|---|
| 1 | Trivandrum | 5234 |
| 2 | Kollam | 5334 |
| 3 | Pathanamthitta | 2356 |
| 4 | Alappuzha | 6513 |
| 5 | Kottayam | 4832 |
| 6 | Idukki | 3895 |
| 7 | Ernakulam | 10222 |
| 8 | Thrissur | 19433 |
| 9 | Palakkad | 10739 |
| 10 | Malappuram | 12822 |
| 11 | Kozhikode | 8530 |
| 12 | Wayanad | 13751 |
| 13 | Kannur | 11723 |
| 14 | Kasaragod | 5876 |
| | **Total** | **121260** |